ഉപജില്ല കലോത്സവം ഒരുക്കങ്ങൾ പൂർണം

കുന്നംകുളം: കുന്നംകുളം ഉപജില്ല സ്കൂൾ കലോത്സവം 14, 15, 16, 17 തിയ്യതികളിൽ കേച്ചേരിയിൽ നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

കേച്ചേരി അൽ - അമീൻ ഹയർ സെക്കൻഡറി സ്കൂൾ, എം.എം.എൽ.പി സ്കൂൾ, ഗവ.യു.പി. സ്കൂൾ, ജ്ഞാനപ്രകാശിനി യുപി സ്കൂൾ എന്നിവടങ്ങളിൽ സജ്ജമാക്കുന്ന ഏട്ട് വേദികളിലായാണ് കലോത്സവം അരങ്ങേറുക. ഉപജില്ലയിലെ 94 - വിദ്യാലയങ്ങളിൽ നിന്നായി 6500 ലേറെ വിദ്യാർഥികളാണ് നാല് ദിവസങ്ങളിലായി നടക്കുന്ന കലോത്സവ വേദിയിൽ മാറ്റുരയ്ക്കുക. ആദ്യ ദിനത്തിൽ അൽ - അമീർ ഹയർ സെക്കൻഡറി സ്കൂളിലെ വിവിധ വേദികളിൽ സ്റ്റേജേതര മത്സരങ്ങളാണ് അരങ്ങേറുക.

സാഹിത്യസൃഷ്ടികളുടെ രചന മത്സരവും, ചിത്രരചന, പോസ്റ്റർ നിർമാണം തുടങ്ങിയ മത്സരങ്ങളും ആദ്യദിനം അരങ്ങേറും.ആകെയുള്ള 296 മത്സരയിനങ്ങളിൽ 95 ഇനം സ്റ്റേജേതര ഇനങ്ങളും ബാക്കി 201 സ്റ്റേജിന മത്സരങ്ങളുമാണ് നടക്കുക. രണ്ടാം ദിനമായ ബുധനാഴ്ച്ച മുതലാണ് വേദികൾ ഉണരുക. അൽ - അമീൻ സ്കൂൾ ഗ്രൗണ്ടിൽ സജ്ജമാക്കുന്ന രണ്ടാമത്തെ വേദിയിൽ രാവിലെ 9 ന് കലോത്സവത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നടക്കും.

ടി.എൻ. പ്രതാപൻ എം.പി. കലോത്സവത്തിന് തിരിതെളിയിക്കും. ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രേഖ സുനിൽ അധ്യക്ഷത വഹിക്കുന്ന ചാങ്ങിൽ എ.സി.മൊയ്തീൻ എം.എൽ.എ. മുഖ്യാതിഥിയാകും. ചലച്ചിത്ര താരം ഇർഷാദ് വിശിഷ്ടാതിഥിയായി ഉദ്ഘാടന ചടങ്ങിൽ സംബന്ധിക്കും. കൗമാര കലാപ്രതിഭകളുടെ സർഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കുന്ന കലോത്സവ വേദിയിൽ മൂന്ന് ദിവസങ്ങളിലെ സ്റ്റേജിന മത്സരങ്ങൾ, കുട്ടി താരങ്ങളുടെ മാസ്മരിക പ്രകടനങ്ങൾ കൊണ്ട് അവിസ്മരണീയമാകും. മികവ് പുലർത്തുന്ന വിദ്യാലയത്തിനുള്ള അഗ്രിഗേറ്റ് ട്രോഫി ഈ വർഷം നൽകാൻതീരുമാനിച്ചതായും സംഘാടകർ വ്യക്തമാക്കി.

സംഘാടക സമിതി ചെയർമാൻ രേഖ സുനിൽ, ഉപജില്ല വിദ്യാഭ്യാസ ഓഫീസർ എ മൊയ്തീൻ, ജനറൽ കൺവീനർ സുജ ഫ്രാൻസിസ്, ജോയിന്റ് ജനറൽ കൺവീനർ കെ.എ.സുമിറോസ്, പ്രോഗ്രാം കമ്മിറ്റി കൺവീനർ ടോം മാർട്ടിൻ, പബ്ലിസിറ്റി കൺവീനർ ജിസൻ കാക്കശേരി എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു

ഗുരുവായൂർ ദേവസ്വം ഡയറി നഗരസഭ ചെയർമാൻ എം കൃഷ്ണദാസിന് നൽകി മന്ത്രി കെ.രാധാകൃഷ്ണൻ പ്രകാശനം ചെയ്യുന്നു.

ഗുരുവായൂർ ദേവസ്വം ഡയറി പ്രകാശനം ചെയ്തു

ഗുരുവായൂർ : പുതിയ വർഷത്തെ ഗുരുവായൂർ ദേവസ്വം ഡയറി മന്ത്രി കെ.രാധാകൃഷ്ണൻ നഗരസഭ ചെയർമാൻ എം.കൃഷ്ണദാസിന് നൽകി പ്രകാശനം ചെയ്തു. പദ്മഭൂഷൺ മധുരൈ ടി.എൻ ശേഷ ഗോപാൽ, ദേവസ്വം ചെയർമാൻ ഡോ. വി.കെ വിജയൻ, ഭരണ സമിതി അംഗങ്ങളായ മല്ലിശേരി പരമേശ്വരൻ നമ്പൂതിരിപ്പാട്, സി. മനോജ്, ചെങ്ങറ സുരേന്ദ്രൻ, മനോജ് ബി നായർ, വി.ജി രവീന്ദ്രൻ, അഡ്മിനിസ്ട്രേറ്റർ കെ.പി വിനയൻ പങ്കെടുത്തു.

ഗുരുവായൂർ മേൽപ്പാലം ഉദ്ഘാടനം : ആഘോഷ തിമിർപ്പിൽ ഒരു നാട്

ഗുരുവായൂർ : നീണ്ട രണ്ട് വർഷത്തെ കാത്തിരിപ്പിനൊടുവിൽ മേൽപ്പാലം തുറന്ന് കിട്ടുന്നതിന്റെ സന്തോഷത്തിലാണ് ഒരു നാട് മുഴുവൻ . നവം. 14 ന് മുഖ്യമന്ത്രി പിണറായി വിജയൻ മേൽപ്പാലം ഉദ്ഘാടനം ചെയ്യും.

ഉദ്ഘാടനത്തിനുള്ള അവസാന ഘട്ട ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. ഏറെ വിവാദങ്ങളും സമരപരമ്പരങ്ങളും മേൽപ്പാല നിർമാണ വേളയിൽ ഗുരുവായൂരിൽ അരങ്ങേറി. പാലം ഉദ്ഘാടനത്തിന് അടുക്കും തോറും രാഷ്ട്രീയ കക്ഷികൾ ഭിന്നതകൾ മറന്ന് ഒന്നിക്കുന്ന കാഴ്ചയാണ് ഗുരുവായൂരിൽ കാണുന്നത്. പാലത്തിന് മുകളിലുള്ള ഭാരപരിശോധനയും അവസാന മിനുക്ക് പണികളും പൂർത്തീയാകാറായി. ഉദ്ഘാടനം മുഖ്യമന്ത്രി ഓൺലൈനായി നിർവ്വഹിക്കും. പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് അദ്ധ്യക്ഷത വഹിക്കും.

മന്ത്രിമാരായ കെ രാധാകൃഷ്ണൻ, വി അബ്ദുൾ റഹിമാൻ ,കെ രാജൻ , ഡോ.ആർ ബിന്ദു , എം.പി ടി എൻ പ്രതാപൻ , സ്ഥലം എം എൽ എ എൻ കെ അക്ബർ എന്നിവർക്ക് പുറമെ തൃശൂർ ജില്ലയിലെ മുഴുവൻ എം എൽ എ മാരും , വിവിധ രാഷ്ട്രീയ നേതാക്കളും മുൻസിപ്പൽ പഞ്ചായത്ത് മെമ്പർമാരും ചടങ്ങിൽ പങ്കെടുക്കും. ഉദ്ഘാടനം വിജയിപ്പിക്കുന്നതിന് വിപുലമായ സംഘാടക സമിതിയും രൂപീകരിച്ച് കഴിഞ്ഞു.

100 പാക്കറ്റ് നിരോധിത പുകയില ലഹരി മരുന്നുമായി രണ്ടുപേരെ പിടികൂടി

കുന്നംകുളം: നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി രണ്ടുപേരെ കുന്നംകുളം പൊലീസ് അറസ്റ്റ് ചെയ്തു. ചൂണ്ടൽ സ്വദേശി 37 വയസുള്ള മുരുകൻ, കാണിപ്പയ്യൂർ പുതുശേരി സ്വദേശി കല്ലിങ്കൽ വീട്ടിൽ 62 വയസുള്ള സുരേഷ് എന്നിവരെയാണ് കുന്നംകുളം സ്റ്റേഷൻ ഹൗസ് ഓഫീസർ യു കെ ഷാജഹാന്റെ നിർദ്ദേശപ്രകാരം സബ് ഇൻസ്പെക്ടർ മഹേഷിന്റെ നേതൃത്വത്തിൽ പൊലീസ് സംഘം അറസ്റ്റ് ചെയ്തത്. പുകയില ഉത്പന്നങ്ങളുടെ വില്പനയും ഉപയോഗവും വ്യാപകമായ സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിന് തൃശൂർ റേഞ്ച് ഡിഐജി അജിതാ ബീഗത്തിന്റെ നിർദ്ദേശപ്രകാരമാണ് കുന്നംകുളം പൊലീസ് സ്റ്റേഷൻ പരിധിയിലെ കടകളിൽ പൊലീസ് പരിശോധന നടത്തിയത്. ഈ പരിശോധനയിലാണ് രണ്ട് കടകളിൽ നിന്ന് ലഹരി ഉത്പന്നങ്ങൾ പിടികൂടിയത്. രണ്ടുദിവസം മുൻപ് പഴഞ്ഞി മേഖലയിൽ നടത്തിയ പരിശോധനയിൽ മൂന്ന് കടകളിൽ നിന്നും ലഹരി ഉൽപ്പന്നങ്ങൾ പിടികൂടിയിരുന്നു.ലഹരി ഉത്പന്നങ്ങൾ പിടികൂടിയ കടകൾ താൽക്കാലികമായി അടച്ചിടാൻ പൊലീസ് നിർദ്ദേശം നൽകി. സിവിൽ പൊലീസ് ഓഫീസർമാരായ രാംഗോപാൽ, എൻ അക്ഷയ്, കെ ഷിനോജ് എന്നിവരും പരിശോധന സംഘത്തിൽ ഉണ്ടായിരുന്നു.

അനധികൃത മത്സ്യബന്ധനം; തമിഴ്നാട് ബോട്ട് പിടിച്ചെടുത്തു

കൊടുങ്ങല്ലൂർ: സ്പെഷ്യൽ പെർമിറ്റ് ഇല്ലാതെ അനധികൃത മത്സ്യ ബന്ധനം നടത്തിയ തമിഴ്നാട് രജിസ്ട്രേഷനുള്ള യാനത്തിനതിരെ കർശന നടപടിയെടുത്ത് ഫിഷറീസ് - മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പൊലീസ് അധികൃതർ. തമിഴ്നാട് കന്യാകുമാരി ഭാഗത്ത് നിന്ന് വന്ന തമിഴ്നാട് സ്വദേശി കന്യാകുമാരി ജില്ലയിൽ സെന്റ് നിക്കോളസ് സ്ട്രീറ്റിൽ ലീൻ ഫ്രൻസിസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള 'ടാറ്റിയാന' എന്ന ബോട്ടാണ് രാത്രിയിൽ ചേറ്റുവയിൽ പിടിച്ചെടുത്തത്.പരമ്പരാഗത മത്സ്യതൊഴിലാളികൾ നൽകിയ പരാതിയിൽ അഴീക്കോട് ഫഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർ എം.എഫ്. പോളിന്റെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക അന്വേഷണം സംഘം ഹാർബറിൽ നടത്തിയ പരിശോധനയിൽ പെർമിറ്റില്ലാതെ അനധികൃത മത്സ്യബന്ധനം നടത്തിയ ബോട്ടാണ് പിടിച്ചെടുത്തത്.

തൃശൂർ ജില്ലയുടെ തെക്കേ അതിർത്തിയായ അഴീക്കോട് മുതൽ വടക്കേ അതിർത്തിയായ കാപ്രിക്കാട് വരെയുള്ള കടൽതീരത്തും ആഴക്കടലിലും നിരീക്ഷണം ശക്തമാണ്.

കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം 1980 (കെ.എം.എഫ് റെഗുലേഷൻ ആക്ട്) പ്രകാരം പെർമിറ്റ് ഇല്ലാത്തതിനും സ്രാങ്കിന് നിയമാനുസൃതം ലൈസൻസ് ഇല്ലാത്തതിനും കേസെടുത്ത് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തു.

പ്രത്യേക പരിശോധന സംഘത്തിൽ ഫിഷറീസ് സ്റ്റേഷൻ എ.എഫ്.ഇ.ഒ സംനഗോപൻ, മെക്കാനിക് ജയചന്ദ്രൻ, കോസ്റ്റൽ എസ്.ഐ. സജീവൻ, സി.പി.ഒ ബൈജു, മറൈൻ എൻഫോഴ്സ്മെന്റ് ആന്റ് വിജിലൻസ് വിങ്ങ് ഉദ്യോഗസ്ഥരായ വി.എൻ പ്രശാന്ത് കുമാർ, വി.എം ഷൈബു, ഇ.ആർ ഷിനിൽകുമാർ എന്നിവർ നേതൃത്വം നൽകി. സീ റെസ്ക്യൂ ഗാർഡ് പ്രമോദ്, സ്രാങ്ക് റസാക്ക് എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു.

നിയമനടപടികൾ പൂർത്തിയാക്കിയ ബോട്ടിന് പെർമിറ്റ് ഇല്ലാതെ മത്സ്യബന്ധനം നടത്തിയതിന് 1,20,000 രുപയും സ്രാങ്ക് ലൈസൻസ് ഇല്ലാത്തിന് 25,000 രുപയും പിഴയിനത്തിൽ ട്രഷറിയിൽ ഒടുക്കി. വരും ദിവസങ്ങളിലും പരിശോധന ശക്തമാക്കുമെന്നും അനധികൃത മത്സ്യ ബന്ധനം നടത്തുന്ന യാനങ്ങൾക്കെതിരേ നിയമ നടപടി സ്വീകരിക്കുമെന്നും തൃശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ സുഗന്ധകുമാരി അറിയിച്ചു.

ഡയമണ്ട് ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം

ഇരിങ്ങാലക്കുട : അറുപതു വർഷക്കാലമായി കേരളത്തിലെ സ്ത്രീവിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു കൊണ്ടിരിക്കുന്ന ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളെജിൽ ഡയമണ്ട് ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. ഒരാഴ്ച്ചയോളം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷ പരിപാടികൾ യു ജി സി ചെയർമാൻ പ്രൊഫ എം. ജഗദേഷ് കുമാർ ഉദ്ഘാടനം ചെയ്തു. അറുപതു വർഷങ്ങൾക്കു മുമ്പ് സെന്റ് ജോസഫ്സ് കോളെജ് സ്ഥാപിച്ച വ്യക്തികളുടെ സ്വപ്നങ്ങളെ യാഥാർഥ്യമാക്കി കൊണ്ട് കോളെജിന്റെ പ്രവർത്തന മേഖല വിപുലമായിരിക്കുന്നുവെന്നും ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച കോളെജാണ് ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളെജെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമ്പൂർണമായ പരിഷ്ക്കരണമാണ് പുതിയ വിദ്യാഭ്യാസനയം ലക്ഷ്യമാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. കുട്ടികളുടെ അഭിരുചികൾക്കനുസരിച്ച് അവരുടെ ഭാവി രൂപകൽപന ചെയ്യാനും അവരുടെ വ്യക്തിത്വ വളർച്ചയ്ക്കു അനുഗുണമാകുന്ന രീതിയിലാണ് പുതിയ ഉന്നത വിദ്യാഭ്യാസ നയം രൂപകൽപന ചെയ്തിട്ടുള്ളതെന്നും ജഗദേഷ് കുമാർ വ്യക്തമാക്കി.പ്രിൻസിപ്പൽ ഡോ സിസ്റ്റർ ബ്ലെസി സ്വാഗതം പറഞ്ഞ ചടങ്ങിൽ ഹോളി ഫാമിലി കോൺഗ്രിഗേഷൻ മാനേജർ റവ സിസ്റ്റർ എൽസി കോക്കാട്ട് അധ്യക്ഷത വഹിച്ചു. ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ, ഹോളി ഫാമിലി മദർ സുപ്പീരിയർ ഡോ സിസ്റ്റർ ആനി കുര്യാക്കോസ് എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. ഇരിങ്ങാലക്കുട നഗരസഭ ചെയർപേഴ്സൻ സുജ സഞ്ജീവ്കുമാർ പ്രസംഗിച്ചു. തുടർന്ന് കൾച്ചറൽ ഫെസ്റ്റ് നടന്നു.

.പ്രതിപക്ഷ ബഹളമില്ലാതെ ഗുരുവായൂർ നഗരസഭ കൗൺസിൽ യോഗം

ഗുരുവായൂർ : നഗരസഭയുടെ അടിയന്തിര കൗൺസിൽ യോഗം ഭരണ-പ്രതിപക്ഷ ബഹളങ്ങളില്ലാതെ സൗഹാർദ്ദപരമായി പിരിഞ്ഞു. മുൻ ചെയർമാനും കൗൺസിലറുമായ പ്രൊഫ. ശാന്തകുമാരിയുടെ ഒറ്റപ്പെട്ട ചില പ്രയാസങ്ങൾ വാക്കാൽ ചെയർമാനെ അറിയിച്ചതല്ലാതെ പതിവ് ആക്ഷേപങ്ങളിലേക്ക് കടന്നില്ല. 2023- 24 വർഷത്തെ പദ്ധതി സംബന്ധിച്ച ഭേദഗതികളും ഗുരുവായൂർ റെയ്ൽവേ മേൽപ്പാല ഉദ്ഘാടനവും ഗുരുവായൂർ ഏകാദശി ആഘോഷങ്ങളെ കുറിച്ചുമായിരുന്നു അജണ്ട. മേൽപ്പാല ഉദ്ഘാടനവും ഏകാദശി പരിപാടികളും വിജയിപ്പിക്കുന്നതിൽ ഏവർക്കും ഒരേ സ്വരവും ഒരേ അഭിപ്രായവുമായിരുന്നു. ഗുരുവായൂരിൽ ഒരിക്കലും നടക്കില്ലെന്ന് കരുതിയ അഴുക്ക്ചാൽ പദ്ധതിയും റെയ്ൽവേ മേൽപ്പാലവും പൂർത്തീകരിച്ചതിന്റെ സന്തോഷം ചെയർമാൻ എം.കൃഷ്ണദാസ് കൗൺസിൽ യോഗത്തിൽ അറിയിച്ചു..

കൊടകര ഷഷ്ഠിയുടെ ഭാഗമായി നിർമിക്കുന്ന ബഹുനില പന്തലിന് കാൽ നാട്ടുന്നു.

കൊടകര ഷഷ്ഠി : പന്തലിന് കാൽ നാട്ടി

കൊടകര : പ്രസിദ്ധമായ കൊടകര ഷഷ്ഠിയോടനുബന്ധിച്ച് ഷഷ്ഠി കോഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ പൂനിലാർക്കാവ് ക്ഷേത്ര മൈതാനിയിൽ നിർമിക്കുന്ന ബഹുനില പന്തലിന് കാൽ നാട്ടൽ നടത്തി. കൊടകര പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി സോമൻ കാൽനാട്ടൽ നിർവഹിച്ചു. കോഡിനേഷൻ കമ്മിറ്റി ചെയർമാൻ ഐ.കെ കൃഷ്ണൻ അധ്യക്ഷനായി. .കൺവീനർ എൻ.ബി ബിജു. പൂനിലാർക്കാവ് ക്ഷേത്ര ഭരണ സമിതി പ്രസിഡന്റ് ഡി.നിർമൽ, ടി.എ രാജൻ ബാബു, ടി.ജി അജോ, ദിനേശ് പരമേശ്വരൻ പ്രസംഗിച്ചു. 18നാണ് കൊടകര ഷഷ്ഠി.

Chola Enter a better life

ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ്

കോർപ്പറേറ്റ് ഓഫീസ്: ചോള ക്രെസ്റ്റ്, സൂപ്പർ ബി, C54 & C55, 4,തിരു വിക ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഗ്യുണ്ടി , ചെന്നൈ - 600 032

പൊസ്സഷൻ നോട്ടീസ് {(അനുബന്ധം IV) റൂൾ 8 (1) }

താഴെപ്പറയുന്നതെന്തെന്നാൽ നോട്ടീസിനു താഴെ ഒപ്പിട്ടിരിക്കുന്ന ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ അംഗീകൃത ഓഫിസർ 2002 (54 of 2002)ലെ സെക്യൂരിറ്റൈസേഷൻ, റീകൺസ്ട്രക് ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) സെക്ഷൻ 13(12) റൂൾ 9 ചേർത്തു വായിക്കുക, കീഴിൽ അനുവദിച്ചിട്ടുള്ള അധികാരമുപയോഗിച്ച് താഴെപ്പറയുന്ന വായ്പ്പക്കാർ ((പേരും വിലാസവും താഴെ കൊടുത്തിരിക്കുന്നു) 60 ദിവസത്തിനുള്ളിൽ പണം തിരിച്ചടക്കണമെന്നു വ്യക്തമാക്കിക്കൊണ്ട് പ്രസ്തുത ആക്റ്റിന്റെ സെക്ഷൻ 13 (2) പ്രകാരം ഡിമാൻഡ് നോട്ടീസ് അയച്ചിരുന്നു. എന്നാൽ വായ്പ്പക്കാരൻ വായ്പ്പാക്കുടിശിക തിരിച്ചടക്കാത്തതിനാൽ സെക്ഷൻ 13(4) സബ് സെക്ഷൻ (4) റൂൾ 8 ചേർത്തു വായിക്കുക പ്രകാരമുള്ള അധികാരം ഉപയോഗിച്ച് അംഗീകൃത ഓഫിസർ ജാമ്യം നൽകിയിരിക്കുന്ന വസ്തുവിന്റെ ജപ്തി നടത്തിയതായി ഈ നോട്ടീസിലൂടെ വായ്പ്പക്കാരനെയും പൊതുജനങ്ങളെയും അറിയിക്കുന്നു. താഴെപ്പറയുന്ന ജാമ്യവസ്തുവിൽ യാതൊരു വിധത്തിലുള്ള ഇടപാടുകളും അനുവദിക്കില്ലെന്നും അത്തരത്തിൽ സംഭവിച്ചാൽ ആക്റ്റിന്റെ സെക്ഷൻ 13 , സബ് സെക്ഷൻ 8 അധികാരം ഉപയോഗിച്ച് ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡിന് ചാർജ് ചെയ്യാവുന്നതാണെന്നും വായ്പ്പക്കാരനെയും പൊതുജനങ്ങളെയും അറിയിക്കുന്നു.

SL. NO	വായ്പ്പക്കാരന്റെ/ സഹ വായ്പ്പക്കാരന്റെ പേരും വിലാസവും / ലോൺ അക്കൗണ്ട് നമ്പർ	ഡിമാൻഡ് നോട്ടീസ് തിയതി	കുടിശ്ശിക തുക	സ്ഥാവരവസ്തുവിന്റെ വിശദാംശങ്ങൾ	ജപ്തിയുടെ തീയതി
1	Loan No. HL04CAL000011219 1.സുഭദ്രീ 2. പ്രകാശൻ തേവള്ളി ഇരുവരും താമസിക്കുന്നത് കാദംബരി,കൺചിറമുഴി, കൺചിറമുഴി, അങ്ങാടി, കോഴിക്കോട്, കേരളം,673582	18-07-2023	Rs. 2053315/- as on 11-07-2023	കോഴിക്കോട് ജില്ല, മുക്കം സബ് ജില്ല, കോഴിക്കോട് താലൂക്ക്, നീലേശ്വരം വില്ലേജ് പഴയ സർവ്വേ നമ്പർ 190/48 ൽ 4.047 ആർസ് വിസ്തൃതിയുള്ള വാസയോഗ്യമായ സ്ഥലവും കെട്ടിടവും , ജന്മം ഡീഡിൽ പറഞ്ഞിരിക്കുന്നത്. അതിർത്തികൾ , ഡീഡ് പ്രകാരം അതിർത്തികൾ : വടക്ക്: 10 അടി വീതിയുള്ള സ്വകാര്യ വഴി, തെക്ക്: ശ്രീനിയുടെ വസ്തു, കിഴക്ക്: ബാലൻറെ വസ്തു, പടിഞ്ഞാറ് : റഷീദലിയുടെ വസ്തു	ജപ്തി 06-11-2023

തീയതി :06-11-2023
സ്ഥലം: കോഴിക്കോട്

അംഗീകൃത ഓഫീസർ
ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ്

ദേവാലയം ശിലാസ്ഥാപനം നാളെ

മാള: പുത്തൻചിറ കിഴക്കുംമുറി സെന്റ് ജോസഫ് ഇടവകയിൽ പുതുതായി നിർമിക്കുന്ന ദേവാലയത്തിന്റെ ശിലാസ്ഥാപനം നാളെ നടക്കും. രാവിലെ ഒമ്പതിനുള്ള ദിവ്യബലിയെ തുടർന്ന് 10ന് ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ തറക്കല്ലിടൽ നിർവ്വഹിക്കും. മുൻ അപ്പസ്തോലിക് നുൺഷ്യോ ഡോ.ജോർജ് പാനികുളം മുഖ്യാതിഥിയാകും. മന്ത്രിമാരായ അഡ്വ.കെ.രാജൻ, ഡോ.ആർ.ബിന്ദു, ബെന്നി ബെഹനാൻ എം.പി, അഡ്വ.വി.ആർ സുനിൽകുമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ, വൈദിക ശ്രേഷ്ഠർ, ഉന്നത ഉദ്യോഗസ്ഥർ പങ്കെടുക്കും. ഇതോടൊപ്പം ഭവന നിർമ്മാണ സഹായ നിധി, വിവാഹ സഹായ നിധി, ഡയാലിസിസ് സഹായ നിധി, വിദ്യഭ്യാസ സഹായ നിധി എന്നിവയുടെ ഉദ്ഘാടനവും നടക്കും. 1975ൽ വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ തുടങ്ങിയ ഇടവകയിൽ നിലവിൽ 601 ഭവനങ്ങളുണ്ട്. നിർദ്ദിഷ്ട ദേവാലയം 12750 ചതുരശ്ര അടിയിൽ 1200 പേരെ ഉൾക്കൊള്ളാൻ സാധിക്കുന്നതാണ്. മതബോധനത്തിനുള്ള സൗകര്യങ്ങൾ, വിവിധ ഓഫീസുകൾ എന്നിവയെല്ലാം ദേവാലയത്തോടനുബന്ധിച്ച് നിർമിക്കുന്നുണ്ട്. ആവശ്യമായ സ്ഥലസൗകര്യത്തോടെ അമിത ആർഭാടം ഒഴിവാക്കി ഏഴ് കോടി 19 ലക്ഷം രൂപ ചെലവിൽ ഇരുനിലകളിലായി നിർമിക്കുന്ന ദേവാലയത്തിന്റെ പണികൾ രണ്ട് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷ. വാർത്താസമ്മേളനത്തിൽ ഇടവക വികാരി ഫാ.ജോൺ കവലക്കാട്ട്, ട്രസ്റ്റി അന്തോണിക്കുട്ടി കളപ്പുരക്കൽ, കേന്ദ്രസമിതി പ്രസിഡന്റ് ജോസ് പോൾ ചെതലൻ, നിർമാണ കമ്മിറ്റി ജനറൽ കൺവീനർ ജോയ് മുരിങ്ങലേത്ത്, സെക്രട്ടറി ലിജോ പയ്യപ്പിള്ളി പങ്കെടുത്തു.

വാഹന ജാഥ സമാപിച്ചു

വടക്കാഞ്ചേരി: കാസർഗോഡ് നിന്നും തിരുവനന്തപുരത്തേക്ക് നടത്തുന്ന സിവിൽ സർവീസ് സംരക്ഷണ കാൽനടയാത്രയുടെ പ്രചരണത്തിനായി ജോയിന്റ് കൗൺസിൽ ജില്ലയിൽ നടത്തിവന്ന വാഹന ജാഥ സമാപിച്ചു.ജോയിന്റ് കൗൺസിൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം വി വി ഹാപ്പി ക്യാപ്റ്റനും സംസ്ഥാന കമ്മിറ്റി അംഗം പി എ രാജീവ് വൈസ് ക്യാപ്റ്റനും ജില്ലാ സെക്രട്ടറി വി ജെ മെർളി മാനേജരുമായ ജാഥക്ക് രണ്ടു ദിവസങ്ങളായി ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം നൽകി. വടക്കാഞ്ചേരിയിൽ താലൂക്ക് ഓഫീസ് പരിസരത്ത് നടത്തിയ സ്വീകരണ സമാപന യോഗം സി പി ഐ മണ്ഡലം സെക്രട്ടറി ഇ എം സതീശൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കൗൺസിൽ അംഗം എ എസ് സിജി അധ്യക്ഷത വഹിച്ചു.ജോയിന്റ് കൗൺസിൽ ജില്ലാ സെക്രട്ടറി വി ജെ മെർളി,വി ജെ ജോൺസൺ,വി കെ ഉമ്മർ ഷെരീഫ് എന്നിവർ സംസാരിച്ചു.

കാർമ്മൽ കോളെജിൽ ദ്വിദിന അന്താരാഷ്ട്ര സെമിനാർ

മാള: കാർമ്മൽ കോളെജിൽ ചരിത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ ദ്വിദിന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു. വൈക്കം സത്യഗ്രഹത്തിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി നടത്തിയ സെമിനാറിൽ കോളെജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സീന അധ്യക്ഷത വഹിച്ചു. അയ്യപ്പ ഗവൺമെന്റ് വനിതാ കോളെജ് അസോസിയേറ്റ് പ്രൊഫസർ ഡോ. ഡി. ലേഖ ഉദ്ഘാടനം നിർവഹിച്ചു. റോമിലെ ആഞ്ചലികം യൂണിവേഴ്സ്റ്റി റിസർച്ച് ഫെല്ലോ ശ്രീ.പെൻസർ സേവ്യർ മുഖ്യ പ്രബന്ധാവ തരണം നടത്തി. ഡൽഹി ഹൈക്കോടതി അഭിഭാഷകൻ ആകർഷ് പി.എൽ 'സ്ത്രീകളുടെ അവകാശങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നടത്തി.ഡോ. സിഞ്ചുമോൾ, ഡോ. വിനിത എൻ. വിജയൻ, ഡോ. സന്ധ്യ പി.എ എന്നിവർ സംസാരിച്ചു.



AVAILABLE SUBJECTS FOR Ph.D

English | Hindi | Maths & Statistics | Economics | Computer Science | Engineering | Psychology | Sociology Physics | Education | Journalism | Commerce | Chemistry | Botany | History | Business Administration Zoology | Geography | Political Science etc.

94473 22893 | 94473 82893

Legal Educational Consultancy Division of : LK GROUP OF EDUCATIONAL SERVICES

കൂട്ടായ്മ യോഗം

അന്തിക്കാട്: പഞ്ചായത്തിലെ മരണാനന്തര സമിതികളുടെ കൂട്ടായ്മ യോഗം ഉദ്ഘാടനം സി.ജി പ്രസാദ് ചെയ്തു. പള്ളിയിൽ മാധവൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്തിൽ സ്വന്തമായി പൊതു ശ്മശാനം നിർമ്മിക്കാൻ പഞ്ചായത്തിൽ നിവേദനം നൽകാൻ യോഗം തീരുമാനിച്ചു. ഭാരവാഹികളായി സി.ജി പ്രസാദ്(പ്രസി.), പള്ളിയിൽ മാധവൻ (സെക്ര.), ഷിജിൽ (ട്രഷറർ) തെരഞ്ഞെടുത്തു.

ബാലകലോത്സവത്തിന് തിരി തെളിഞ്ഞു

ഇരിങ്ങാലക്കുട : ശിശുദിനാഘോഷങ്ങളുടെ ഭാഗമായി കെ.എസ് പാർക്കിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 24-ാമത് വെസ്റ്റാ ബാലകലോത്സവം കെഎസ്ഇ കമ്പനി എക്സി.ഡയറക്ടർ പോൾ ഫ്രാൻസിസ് കണ്ടംകുളത്തി ഉദ്ഘാടനം ചെയ്തു. എച്ച്ആർ മാനേജർ എം.പി അനിൽകുമാർ അധ്യക്ഷത വഹിച്ചു. ആർട്ടിസ്റ്റ് മോഹൻദാസ് പ്രസംഗിച്ചു. ഇന്നലെ ചിത്രരചനാ മത്സരമാണ് നടന്നത്. 11, 12, 13, 14 ദിവസങ്ങളിലായി മറ്റു മത്സരങ്ങൾ നടക്കും. 14ന് വൈകീട്ട് 6ന് സമാപന പൊതു സമ്മേളനം ജില്ലാ കലക്ടർ വി.ആർ കൃഷ്ണ തേജ ഉദ്ഘാടനം ചെയ്യും.

കെഎസ്ഇബി ഓഫീസ് മാർച്ച്

ഇരിങ്ങാലക്കുട : വൈദ്യുതി ചാർജ് വർധനവിനെതിരേ എൻഡിഎ പൊറത്തിശേരി ഏരിയ കമ്മറ്റിയുടെ നേതൃത്വത്തിൽ കെഎസ്ഇബി ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തി.ബിജെപി മണ്ഡലം പ്രസിഡന്റ് കൃപേഷ് ചെമ്മണ്ട ഉദ്ഘാടനം ചെയ്തു. ഏരിയാ പ്രസിഡന്റ് ടി.ഡി സത്യദേവ് അധ്യക്ഷത വഹിച്ചു. രാമചന്ദ്രൻ കോവിൽപറമ്പിൽ, ആർച്ച അനീഷ്, സിന്ധു സതീഷ്, പ്രസംഗിച്ചു.

ബാസ്കറ്റ് ബോൾ ടൂർണമെന്റ്

ഇരിങ്ങാലക്കുട : സാങ്കേതിക സർവകലാശാല ഇ-സോൺ ബാസ്കറ്റ് ബോൾ ടൂർണമെന്റിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് എൻജിനീയറിങ് കോളെളേജ് റണ്ണേഴ്സ് അപ്പായി. വിജയികളെ കോളെജ് എക്സി. ഡയറക്ടർ ഫാ.ജോൺ പാലിയേക്കര, ജോ. ഡയറക്ടർ ഫാ.ജോയി പയ്യപ്പിള്ളി, പ്രിൻസിപ്പൽ ഡോ.സജീവ് ജോൺ, ഡോ.വി.ഡി ജോൺ എന്നിവർ അഭിനന്ദിച്ചു.

ഇരിങ്ങാലക്കുട ഉപജില്ല കലോത്സവം

ഇരിങ്ങാലക്കുട : 34ാമത് ഇരിങ്ങാലക്കുട വിദ്യാഭ്യാസ ഉപജില്ല സ്കൂൾ കലോത്സവംആനന്ദപുരം ശ്രീകൃഷ്ണ സ്കൂളിൽ 14 മുതൽ 17 വരെ നടക്കും. 14ന് രാവിലെ 10ന് മന്ത്രി ഡോ.ആർ.ബിന്ദു ഉദ്ഘാടനം ചെയ്യും. 11 വേദികളിലായി നടക്കുന്ന മൽസരങ്ങളിൽ 310 ഇനങ്ങളിലായി 129 സ്കൂളുകളിൽ നിന്നുള്ള 6091 വിദ്യാർഥികൾ മാറ്റുരയ്ക്കും. 17ന് വൈകീട്ട് 4ന് നടക്കുന്ന സമാപന സമ്മേളനം കെ.കെ രാമചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്യും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലളിത ബാലൻ സമ്മാനദാനം നിർവ്വഹിക്കും. വാർത്താസമ്മേളനത്തിൽ സംഘാടക സമിതി ചെയർമാനും മുരിയാട് പഞ്ചായത്ത് പ്രസിഡന്റുമായ ജോസ് ജെ ചിറ്റിലപ്പിള്ളി, എഇഒ ഡോ.എം.സി നിഷ, ജനറൽ കൺവീനർ ബി.സജീവ്, വികസന സമിതി കൺവീനർ എ.എൻ രാമൻ, പ്രോഗ്രാം കമ്മിറ്റി കൺവീനർ ബി.ബിജു, പബ്ലിസിറ്റി കൺവീനർ ഡോ.എസ്.എൻ മഹേഷ് ബാബു, ജോ.കൺവീനർ എ.സി സുരേഷ്, .എൻ.എൻ നീലകണ്ഠൻ, എ.എം ജോൺസൻ പങ്കെടുത്തു.

ആറാട്ടുപുഴ ദേശവിളക്ക് 18ന്

ആറാട്ടുപുഴ: ആറാട്ടുപുഴ ശ്രീശാസ്താ ക്ഷേത്രത്തിലെ ദേശവിളക്ക് 18ന് ആഘോഷിക്കും. രാവിലെ 6ന് അഞ്ചമ്പല നിർമാണത്തിനുള്ള കാൽനാട്ടൽ നടക്കും. ക്ഷേത്രഗോപുരത്തിനു മുമ്പിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിലാണ് വാഴപ്പിണ്ടികൾ കൊണ്ട് അഞ്ച് അമ്പലങ്ങൾ നിർമിക്കുക. ആറാട്ടുപുഴ ശ്രീശാസ്താ ഉടുക്കു പാട്ടുസംഘമാണ് അഞ്ചമ്പല നിർമാണവും അയ്യപ്പൻ പാട്ടും നിർവ്വഹിക്കുന്നത്. വൈകീട്ട് 5.30ന് ചുറ്റുവിളക്ക്. ദേശവിളക്ക് പന്തലിൽ 6ന് രാപ്പാൾ സൗപർണ്ണിക അവതരിപ്പിക്കുന്ന ഭക്തിഗാനസുധ. വൈകീട്ട് 6.15ന് കണ്ടേശ്വരം ശിവ ക്ഷേത്രത്തിൽ നിന്ന് എഴുന്നെള്ളിപ്പ് ആരംഭിക്കും. ഗുരുവായൂർ ഹരിയുടെ നേതൃത്വത്തിലുള്ള പഞ്ചവാദ്യം, കൊമ്പത്ത് ചന്ദ്രന്റെ നാദസ്വരം, ആറാട്ടുപുഴ ശ്രീശാസ്താ ഉടുക്കു പാട്ടുസംഘത്തിന്റെ ഉടുക്കു പാട്ട്, താലമേന്തിയ അംഗനമാർ എന്നിവ എഴുന്നെള്ളിപ്പിന് അകമ്പടി സേവിക്കും. ആറാട്ടുപുഴ ക്ഷേത്രത്തിൽ രാത്രി 9ന് എത്തുന്ന എഴുന്നെള്ളിപ്പിനെ ആചാരാനുഷ്ഠാനങ്ങളോടെയും നിറപറകളോടെയും സ്വീകരിക്കും. തുടർന്ന് പ്രസാദ ഊട്ട്. 10 മുതൽ അയ്യപ്പൻ പാട്ട്. വെളുപ്പിന് 3ന് ഏഴുകണ്ടം അതിർത്തിയിൽ നിന്നു പാൽക്കിണ്ടി എഴുന്നെള്ളിപ്പ് ക്ഷേത്രത്തിലെത്തി പ്രദക്ഷിണം ചെയ്യും. തുടർന്ന് ദേശവിളക്ക് പന്തലിൽ അയ്യപ്പസ്വാമിയും വാവരും തമ്മിലുള്ള വെട്ടും തടയോടും കൂടി ദേശവിളക്കിന് സമാപനം കുറിക്കും.

വാസന്ത സപ്തതി : പന്തലിന് കാൽനാട്ടി

ചേർപ്പ്: പെരുവനം കുട്ടൻ മാരാരുടെ എഴുപതാം പിറന്നാൾ ആഘോഷത്തിനുള്ള പന്തലിന് മുൻ മന്ത്രി വി.എസ് സുനിൽകുമാർ കാൽ നാട്ടി. കുമ്മത്ത് രാമൻകുട്ടി നായരുടെ ശിഷ്യരും പ്രശിഷ്യരും ചേർന്ന് പെരുവനം ക്ഷേത്രത്തിന്റെ പഠിഞ്ഞാറേ നടയിൽ സപ്തതി വിളംബര കാഹളം മുഴക്കി. ചേർപ്പ് മഹാത്മാ മൈതാനിയിൽ നിർമിക്കുന്ന പന്തലിന് നൂറ് അടി നീളവും 120 അടി വീതിയുമുണ്ട്. 800 ചതുരശ്ര അടി വിസ്തീർണത്തിലാണ് വേദി ഒരുക്കുന്നത്. വാസന്ത സപ്തതി എന്ന പേരിൽ നടക്കുന്ന ആഘോഷങ്ങൾ 24, 25 തിയ്യതികളിലാണ്. ചേർപ്പ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുജിഷ കള്ളിയത്ത്, വാർഡ് മെമ്പർമാർ വിദ്യാ രമേഷ്, ധന്യ സുനിൽ, വനജ, കൃഷ്ണകുമാർ, ശ്രുതി ശ്രീശങ്കർ, പെരുവനം കുട്ടൻ മാരാർ, വാസന്ത സപ്തതി ജനറൽ കൺവീനർ ദിനേഷ് പെരുവനം, ചീഫ് കോ. ഓഡിനേറ്റർ കെ.രാജീവ് മേനോൻ, എം.രാജേന്ദ്രൻ, ഹരി ചിറ്റൂർ മന, ഹരിദാസ് ഗോപുരത്തിങ്കൽ, പെരുവനം മുരളി, എ.എ കുമാരൻ, ഹരിപ്രസാദ് മേനോൻ, എ. ഉണ്ണികൃഷ്ണൻ പങ്കെടുത്തു.

കോൺഗ്രസ് ധർണ

ഇരിങ്ങാലക്കുട : ക്ഷേമപെൻഷൻ കുടിശിക എത്രയും വേഗം കൊടുത്ത് തീർക്കണം എന്നാവശ്യപ്പെട്ട് കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ മുരിയാട് പഞ്ചായത്താഫീസിനു മുന്നിൽ ധർണ നടത്തി. ഇരിങ്ങാലക്കുട നഗരസഭ വൈസ് ചെയർമാൻ ടി വി ചാർളി ധർണ ഉദ്ഘാടനം ചെയ്തു.

ICICI Home Finance | കോർപ്പറേറ്റ് ഓഫിസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ- 400059, ഇന്ത്യ.
ശാഖ ഓഫിസ്: ഒന്നാം നില, 3/128 , സീമാക്സ് ടവർ, വണ്ടിപ്പേട്ട ജംക്ഷൻ, വെസ്റ്റ് നടക്കാവ്, കാലിക്കറ്റ്-673011 (കേരളം)

പ്രൊവിസോ റൂൾ 8(6) കാണുക

സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ സെക്യൂരറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ, പ്രൊവിസോ റൂൾ 8(6) ചേർത്ത് വായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ- ലേല വിൽപ്പന നോട്ടീസ്. വായ്പാ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ പ്രതീകാത്മക ജപ്തി ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ 'എവിടെയാണോ ഉള്ളത്' 'എന്താണോ ഉള്ളത്' 'എങ്ങനെയാണോ ഉള്ളത്' അതുപോലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

Sr. No.	വായ്പ്പക്കാരന്റെ/സഹവായ്പ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	ഇൻസ്പെക്ഷൻ തിയതിയും സമയവും	ലേലത്തിന്റെ തിയതി, സമയം
(A)	(B)	(C)	(D)	(E)	(F)	(G)
1.	മുഹമ്മദലി എം (വായ്പ്പക്കാരൻ) റഹീന (സഹ വായ്പ്പക്കാരൻ) Loan Account No. NHCLT00001300556 & LHCLT00001300553	റീസർവേ നമ്പർ 109/69 ചേളന്നൂർ , കോഴിക്കോട്, പിൻ - 673611 , റീസർവേ നമ്പർ 109/69 , കോഴിക്കോട്- 673604	Rs. 31,35,379/- October 30, 2023	Rs. 23,92,002/- Rs. 2,39,210/-	December 04, 2023 11:00 AM 03:00 PM	December 19, 2023 02:00 PM 03:00 PM

ലേല ഏജൻസി ഗ്ലോബ് ടെക്കിന്റെ **(യുആർഎൽ ലിങ്ക് https://BestAuctionDeal.com)** വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക. സ്ഥലം ജാമ്യമായി നൽകിയവർക്ക് **18 ഡിസംബർ 2023** വൈകിട്ട് 5 മണി വരെ മുഴുവൻ തുകയും തിരിച്ചടക്കുന്നതിനുള്ള അവസരം നൽകും. പണം തിരിച്ചടച്ചില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ജാമ്യവസ്തു വിൽപ്പന ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിരതദ്രവ്യം (ഇഎംഡി), ആർടിജിഎസ്/ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം ഇ യിൽ പരാമർശിക്കുന്ന വിധം) എന്നിവ സഹിതം അടച്ച കവറിൽ **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, 3/128 , സീമാക്സ് ടവർ, വണ്ടിപ്പേട്ട ജംക്ഷൻ, വെസ്റ്റ് നടക്കാവ്, കാലിക്കറ്റ്-673011 (കേരളം)** എന്ന വിലാസത്തിലേക്ക് **18 ഡിസംബർ 2023 വൈകിട്ട് 4 മണിക്കു** മുമ്പായി അയക്കേണ്ടതാണ്. താത്പര്യമുള്ള ബിഡ്ഡർമാർ രജിസ്ട്രേഷൻ ഫോമിന്റെയും ബിഡ് ടേംസ് ആൻഡ് കണ്ടീഷൻ ഫോമിന്റെയും ഒപ്പിട്ട കോപ്പി **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, 3/128 , സീമാക്സ് ടവർ, വണ്ടിപ്പേട്ട ജംക്ഷൻ, വെസ്റ്റ് നടക്കാവ്, കാലിക്കറ്റ്-673011 (കേരളം)** എന്ന വിലാസത്തിലേക്ക് **18 ഡിസംബർ 2023 വൈകിട്ട് 5** മണിക്കു മുമ്പായി അയക്കേണ്ടതാണ്. നിരതദ്രവ്യ തുക, ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) എന്നിവ നാഷണലൈഡ്സ്/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്- ലേലം കോട്ടയത്ത് മാറാവുന്ന വിധത്തിലായിരിക്കണം.

കൂടുതൽ വിശദാംശങ്ങൾക്കും, വസ്തു പരിശോധിക്കുന്നതിനെക്കുറിച്ചോ ടെൻഡർ സമർപ്പിക്കുന്നതിനെക്കുറിച്ചോ ഏതെങ്കിലും വിധത്തിലുള്ള സംശയങ്ങൾ ഉള്ളവർക്കും **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 022-69974300 എന്ന നമ്പറിലോ സെയിൽസ് & മാർക്കറ്റിങ് പാർട്ണർ നെക്സ് സൺ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിനെയോ ബന്ധപ്പെടാവുന്നതാണ്.**

താഴെ ഒപ്പിട്ടിരിക്കുന്നഅംഗീകൃത ഓഫിസർക്ക് ഓഫറുകൾ അല്ലെങ്കിൽ ടെൻഡറുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കാനും സ്വീകരിക്കാനും നിർദേശിക്കാൻ അധികാരമുണ്ട്. വിശദമായ വ്യവസ്ഥകൾക്കും നിർദേശങ്ങൾക്കുമായി ഐസിഐസി ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക **https://www.icicihfc.com/**

തീയതി : 11 നവംബർ 2023
സ്ഥലം: കോഴിക്കോട്

അംഗീകൃത ഓഫിസർ
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്

Edited, Printed and Published by Prasanth Narayanan on behalf of M/s.Vaartha News Network Pvt.Ltd., V. Reji Kumar (Executive Editor), Vol 16, Issue No. 306 RNI No. KERMAL/2009/31365, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Suncity Complex, IInd Floor, Room No. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com